# India International trade fair @ Pragati Maidan

## ജീവൻരക്ഷാ പരിശീലനവുമായി വ്യാപാരമേളയിൽ ശ്രീചിത്ര

ന്യൂഡൽഹി ● ഡൽഹി രാജ്യാന്തര വ്യാപാര മേളയിയിലെത്തുന്നവർക്ക് 'ബേസിക് ലൈഫ് സപ്പോർട്ട്' എന്ന ഉടൻ കിട്ടേണ്ട ജീവൻരക്ഷാ സഹായം പഠിപ്പിക്കും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി.

സ്റ്റാളിൽ കാഴ്ചക്കാരെ ചെറുസംഘങ്ങളാക്കി 20 മിനിറ്റുള്ള പരിശീലനമാണ് ശ്രീചിത്രയിലെ നഴ്സിങ് ഓഫിസർ ആർ. വിജയകൃഷ്ണന്റെ നേതൃത്വത്തിൽ നൽകുന്നത്. ഡമ്മിയുടെ കൂടി സഹായത്തോടെയാണ് പരിശീലനം. പുനരുജ്ജീവന പ്രക്രിയയിൽ പ്രധാനമായ രക്തചംക്രമണം, വായു സഞ്ചാര മാർഗം, ശ്വസനം, വൈദ്യുത ചികിത്സ എന്നിവ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീചിത്രയിലെ ഗവേഷകർ വികസിപ്പിച്ചെടുത്ത ചികിത്സാപരിഹാരങ്ങളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും പ്രദർശനവും നടക്കുന്നുണ്ട്.

രക്തധമനിയിൽ വീക്കമുള്ള ഭാഗത്തേക്ക് എത്താത്ത വിധത്തിൽ രക്തത്തിന്റെ ഒഴുക്കു തിരിച്ചുവിടുന്ന സ്റ്റെന്റ് (ഫ്ലോ ഡൈവർട്ടർ), ശുദ്ധരക്തവും അശുദ്ധരക്തവും കൂടിക്കലർന്നുപോകുന്ന സാഹചര്യം ഒഴിവാക്കാൻ സഹായിക്കാൻ ഇൻജക്ടബിൾ ന്യൂറോ വാസ്ക്കുലർ ഡിവൈസ്, മുറിവുണക്കാൻ സഹായിക്കുന്ന കൃത്രിമ മിശ്രിതങ്ങൾ, കൃത്രിമ ഹൃദയ വാൽവായ 'ചിത്ര വാൽവ്', അയോട്ട ധമനികളിൽ പല കാരണങ്ങൾ കൊണ്ട് വികസിപ്പിച്ചു പൊട്ടാവുന്ന അവസ്ഥ (അന്യൂറിസം) പരിഹരിക്കാൻ സഹായിക്കുന്ന ഗ്രാഫ്റ്റുകൾ തുടങ്ങിയവ ഇതിൽ പെടുന്നു.

ശ്രീചിത്രയിലെ സീനിയർ സയന്റിസ്റ്റ് പി.ആർ. അനിൽകുമാർ, സയന്റിസ്റ്റുമാരായ ജിതിൻ കൃഷ്ണൻ, എസ്. നീതു, നഴ്സിങ് ഓഫിസർ ആർ. വിജയകൃഷ്ണൻ എന്നിവരാണ് സ്റ്റാളിലുള്ളത്.




ഡൽഹി രാജ്യാന്തര വ്യാപരമേളയിലെ സ്റ്റാളിൽ തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ നഴ്സിങ് ഓഫിസർ ആർ. വിജയകൃഷ്ണൻ കാഴ്ചക്കാരെ ബേസിക് ലൈഫ് സപ്പോർട്ട് പരിചയപ്പെടുത്തുന്നു.